(എ) ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ഡെങ്കിപ്പനി, തക്കാളിപ്പനി, കുരങ്ങ് പനി, എലിപ്പനി, മലമ്പനി, ചിക്കൻഗുനിയ, മറ്റ് വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഇര വീതം എത്രപേർക്ക് നൽകിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കുരങ്ങുപനി ബാധിച്ച് മരിച്ച ടൈബ് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ടൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് 2 ലക്ഷം രൂപയും മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ആശാവർക്കർമാർ

6 (2214) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൻ കീഴിൽ എത്ര ആശാവർക്കർമാരാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിനു കീഴിൽ 871 ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്.

ഡോ. ഷാനവാസിന്റെ മരണത്തിനുള്ള അന്വേഷണം

7 (2216) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിയായ ഡോ. ഷാനവാസ് സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ദേഹം എന്നാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും അദ്ദേഹത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് കാലയളവിൽ ഏതൊക്കെ ആശുപത്രികളിൽ എത്രകാലം ജോലി ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര സ്ഥലം മാറ്റത്തിനാണ് അദ്ദേഹം വിധേയനായിരുന്നിട്ടുള്ളത് ;

(ഡി) ഈ സ്ഥലം മാറ്റങ്ങൾക്കൊക്കെ അദ്ദേഹം അപേക്ഷ നൽകിയിരുന്നുവോ ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലായിരുന്നു സ്ഥലമാറ്റങ്ങൾ എന്ന് വ്യക്തമാക്കാമോ ;

(ഇ) സർവ്വീസിലിരിക്കെ ഡോ. ഷാനവാസ് ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ടോ ;

(എഫ്) സസ്പെന്റ് ചെയ്യപ്പെട്ട ശേഷം വീണ്ടും സർവ്വീസിൽ പ്രവേശിച്ചത് തെളിയിക്കപ്പെടാത്തതിനെതുടർന്ന് അദ്ദേഹത്തെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നോ ;

(ജി) ഡോ. ഷാനവാസിനെ മേലുദ്യോഗസ്ഥന്മാർ മാനസികമായി പീഡിപ്പിച്ചിരുന്നതായുള്ള അദ്ദേഹത്തിന്റെ ടെലഫോൺ സംഭാഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റങ്ങൾക്ക് പിന്നിൽ മറ്റുന്നു മാഫിയയായിരുന്നു എന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ആക്ഷേപം അന്വേഷിക്കുമോ ; അകാരണമായി ഡോ. ഷാനവാസിനെ സ്ഥലം മാറ്റിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡോ.ഷാനവാസ് 18-1-2012-ലാണ് സർവീസിൽ പ്രവേശിച്ചത്. 18-1-2012 മുതൽ 12-9-2012 വരെ പാലക്കാട് അമ്പലപ്പാറ പി.എച്ച്.സി-യിലും 13-9-2012 മുതൽ 29-10-2014 വരെ മലപ്പുറം ജില്ലയിലെ ചുങ്കത്തറ സി.എച്ച്.സി.യിലും ആയതിനുശേഷം പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പി.എച്ച്.സി.യിലുമാണ് ജോലി ചെയ്തുവന്നത്.

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ സി.എച്ച്.സി-യിൽ നിന്നും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പി.എച്ച്.സി-യിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ആയതിനുശേഷം പാലക്കാട് ജില്ലയിലെതന്നെ ശിരുവാണി പ്രോജക്ട് ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നുവെങ്കിലും പിന്നീട് പ്രസ്തുത സ്ഥലംമാറ്റം പുനപരിശോധനയ്ക്കായി മാറ്റിവച്ചിരുന്ന സമയത്താണ് പ്രസ്തുത ഡോക്ടർ മരണമടഞ്ഞത്.

(ഡി) സ്ഥലമാറ്റത്തിന് അപേക്ഷ നൽകുന്നതിന്റെ അടിസ്ഥാനത്തിലല്ല സ്ഥലംമാറ്റം നൽകുന്നത്. ഡോ. ഷാനവാസ് മദ്യപിച്ച് രോഗികൾക്കും പൊതു ജനങ്ങൾക്കും ശല്യമുണ്ടാക്കുന്ന രീതിയിൽ പെരുമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പേരിൽ എടക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോ നൽകുകയും തുടർന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ കണക്കിലെടുത്തുമാണ് ടിയാനെ സ്ഥലം മാറ്റിയത്.

(ഇ) ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ട്. 4-5-2013-ൽ ഡോ. ഷാനവാസ്.പി.സി. മദ്യപിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ശല്യമുണ്ടാകത്തക്ക രീതിയിൽ പെരുമാറുന്നു എന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എടക്കര പോലീസ് സ്റ്റേഷനിൽ നിന്നും അന്വേഷണം നടത്തുകയും ഇക്കാര്യം ശരിയാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുകയും ചെയ്തതിനാൽ കേസ് രജിസ്റ്റർ ചെയ്യുകയും 19-12-2013-ൽ കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാലും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായവും കണക്കിലെടുത്ത് ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് 21-10-2014-ലെ ഉത്തരവ് പ്രകാരം രണ്ട് വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തു. ഡോക്ടർക്ക് കരുളായി സി.എച്ച്.സി-യിലേയ്ക്ക് സ്റ്റോപ്പ്ഗ്യാപ് നിയമനം നൽകിയതിനെതുടർന്ന് ടി ഡോക്ടറെ ആരോഗ്യ വകുപ്പ് ഡയറക്ടർ പാലക്കാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നു.

(എഫ്) ഡോ. ഷാനവാസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടില്ല.

(ജി) പ്രസ്തുത ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം അക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ച ശേഷം ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

8 (2217) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ; ഇതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly